ശബരിമല സന്നിധാനത്തും പമ്പയിലും തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി പദ്ധതികൾ

30 (*60) ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല സന്നിധാനത്തും പമ്പയിലും മറ്റ് തിരക്കുള്ള സ്ഥലങ്ങളിലും തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എന്തൊക്കെ കാര്യങ്ങളാണ് അടിയന്തരമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പുൽമേട്ടിൽ സംഭവിച്ചതുപോലുള്ള ദുരന്തങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിന് ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നുവോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) ശബരിമല ദുരന്തത്തിന്റെകൂടി പശ്ചാത്തലത്തിൽ തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കാൻ കാര്യക്ഷമമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നതു സംബന്ധിച്ച കാര്യങ്ങൾ സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു. അതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു യോഗത്തിൽ വനം, പോലീസ് തുടങ്ങിയ വിവിധ വകുപ്പുകൾ ചേർന്ന് ചന്ദ്രശേഖര മേനോൻ കമ്മീഷൻ റിപ്പോർട്ടിലെയും ശബരിമല മാസ്റ്റർ പ്ലാനിലെയും കാതലായ നിർദ്ദേശങ്ങൾ പഠിച്ച് ഒരു സമന്വയാഭിപ്രായം രൂപീകരിക്കാനും അതിന്റെ വെളിച്ചത്തിൽ മറ്റൊരു യോഗം വൈകാതെ കൂടാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ശബരിമല മാസ്റ്റർ പ്ലാനിൽ പറയുന്ന വികസന പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ ഹൈപവർ കമ്മിറ്റിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഇല്ല. പുൽമേടു ദുരന്തം സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്തു ഭാവി നടപടികൾ സ്വീകരിക്കണമെന്നതടക്കമുള്ള കാര്യങ്ങൾക്ക് ടി കമ്മീഷന്റെ ശിപാർശകൾ കൂടി കണക്കിലെടുക്കേണ്ടത് ആവശ്യമാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്റ്റുഡന്റ്സ് പോലീസ് സംവിധാനം

1(206) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റുഡന്റ്സ് പോലീസ് സംവിധാനം ഏതൊക്കെ ജില്ലകളിൽ ഏത സ്കൂളുകളിലാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly